# ചരിത്രം കാത്തിരിക്കുന്ന വനിതാ സമ്മേളനം

**ഈ** ജനുവരി 24-നു കേരള ജമാഅത്തെ ഇസ്‌ലാമിയുടെ വനിതാ സംസ്ഥാന സമ്മേളനത്തിന് മലപ്പുറം ജില്ലയിലെ കുറ്റിപ്പുറത്തിന്റെ പ്രശാന്തസുന്ദരമായ നിളാതീരം സാക്ഷിയാവുകയാണ്. വനിതകളാൽ നടത്തപ്പെടുന്ന വനിതകളുടെ സമ്മേളനമായിരിക്കും ഇത്. ഒരു ലക്ഷത്തിലേറെ സ്ത്രീകൾ പങ്കെടുക്കുമെന്നാണ് പ്രതീക്ഷ. ഇങ്ങനെയൊരു വനിതാ സംഗമം കേരളത്തിലാദ്യമാണ്. കേരള മുസ്‌ലിം ചരിത്രത്തിൽ തങ്കലിപികളാൽ രേഖപ്പെടുത്തേണ്ട ഈ സംഗമത്തിന്റെ സംഘാടകർ ജമാഅത്തെ ഇസ്‌ലാമി ആയത് യാദൃഛികമല്ല. കേരളത്തിലാദ്യമായി മുസ്‌ലിം പെൺകുട്ടികൾക്കു മാത്രമായി വിദ്യാലയം സ്ഥാപിച്ചത് ജമാഅത്തെ ഇസ്‌ലാമിയാണ്. ആദ്യമായി ഒരു ഇസ്‌ലാമിക സംഘടനക്കു വനിതാ വിംഗ് രൂപീകരിച്ചതും സംഘടനയുടെ കേന്ദ്ര സംസ്ഥാന നേതൃസമിതികളിൽ വനിതകൾക്ക് പ്രാതിനിധ്യം നൽകിയതും ജമാഅത്തെ ഇസ്‌ലാമി തന്നെ. അതിന്റെയൊക്കെ രചനാത്മകമായ സ്വാധീനം ഇതര മുസ്‌ലിം സംഘടനകളിലും പ്രതിഫലിക്കുന്നുവെന്നത് ശുഭോദർക്കമായ വസ്തുതയാണ്. സ്ത്രീകളുടെ അവകാശങ്ങൾ കവർന്നെടുത്ത് അവരെ അജ്ഞതയുടെയും അന്ധവിശ്വാസങ്ങളുടെയും ഇരുണ്ട മുൾമുറികളിലടച്ചിട്ടവർക്കെതിരെ സ്ത്രീപക്ഷത്തുനിന്നുള്ള പടഹധ്വനിയായിരിക്കും ജനുവരി 24-ന് കുറ്റിപ്പുറത്തുനിന്നുയരുക. അനുകൂലിക്കുന്നവർക്കെന്ന പോലെ പ്രതിയോഗികൾക്കും അതിന്റെ ഇംപാക്ടിൽനിന്ന് ഒഴിഞ്ഞുമാറാനാവില്ല. തങ്ങളുടെ പക്ഷത്തുനിന്നുള്ള സ്ത്രീസമൂഹങ്ങളുടെ വിമോചനത്തിനും ഉന്നമനത്തിനും കൂടുതൽ പരിഗണന നൽകാൻ അവർ നിർബന്ധിതരാകണം. കുറ്റിപ്പുറം സമ്മേളനം വിസ്മൃതമായാൽ പോലും അതുയർത്തിയ സൃഷ്ടിപരമായ തരംഗങ്ങൾ എല്ലാ മുസ്‌ലിം സംഘടനകളുടെയും വനിതാ വികസന പരിപ്രേക്ഷ്യങ്ങളിൽ അടങ്ങാതെ നിലനിൽക്കണം. അത്തരം ഒരു പരിപാടിയായിട്ടാണ് 'സാമൂഹ്യ വിപ്ലവത്തിന് സ്ത്രീശക്തി' എന്ന പ്രമേയത്തെ ആധാരമാക്കി സംഘടിപ്പിക്കുന്ന ഈ മഹാസംഗമം വിഭാവന ചെയ്യപ്പെട്ടിരിക്കുന്നത്.

മുസ്‌ലിം സമുദായം മൊത്തത്തിൽ പിന്നാക്ക-ദരിദ്ര വിഭാഗമാണ്. അവരിലെ സ്ത്രീകൾ കൂടുതൽ അധഃസ്ഥിതരും അബലരുമാവുക സ്വാഭാവികം. ഇതര സമുദായങ്ങളിലും സ്ത്രീപക്ഷം അത്രയൊന്നും ശക്തമല്ല. എല്ലാ ജാതി-മതപാർട്ടികളിലും സ്ത്രീകൾ അടിച്ചമർത്തപ്പെടുന്നുണ്ട്. സ്ത്രീവിമോചന പ്രസ്ഥാനങ്ങൾക്ക് ഇവിടെ കുറവൊന്നുമില്ല. സർക്കാർ ഭാഗത്തുമുണ്ട് സ്ത്രീസംരക്ഷണനിയമങ്ങളും ക്ഷേമപരിപാടികളും ഏറെ. കേന്ദ്ര-ഗവൺമെന്റ് പാർലമെന്റിൽ 30 ശതമാനം സീറ്റ് വനിതകൾക്ക് സംവരണം ചെയ്യാൻ പോകുന്നു. സംസ്ഥാനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 50 ശതമാനം പ്രാതിനിധ്യം സ്ത്രീകൾക്ക് സംവരണം ചെയ്തുകഴിഞ്ഞു. ഇതൊക്കെയായിട്ടും സ്ത്രീകൾക്കെതിരെ അതിക്രമങ്ങളും ബലാൽക്കാരങ്ങളും വർധിച്ചുകൊണ്ടിരിക്കുകയാണ്. വിമോചനം സാധ്യമാകാൻ വനിതകൾ ജീവിതത്തിന്റെ എല്ലാ തുറകളിലും ഇനിയും ഏറെ ശക്തിപ്പെടേണ്ടിയിരിക്കുന്നു. സംഘടനയും സംഘടനകൾ തമ്മിലുള്ള സഹകരണവുമാണ് ശക്തിയുടെ സ്രോതസ്സ്. ഈ വഴിക്കുള്ള വനിതാ ശാക്തീകരണം തന്നെയാണ് കുറ്റിപ്പുറം സമ്മേളനത്തിന്റെ ലക്ഷ്യം.

ഈ പശ്ചാത്തലത്തിൽ കേരളീയ സമൂഹത്തിന്റെ വിവിധ മണ്ഡലങ്ങളിൽ തിളങ്ങുന്ന ഏതാനും പ്രഗത്ഭമതികളായ മഹതികൾ പങ്കെടുക്കുന്ന ഒരു ചർച്ച അവതരിപ്പിക്കുകയാണ് *പ്രബോധനം* ഈ ലക്കത്തിൽ. വ്യത്യസ്ത തലങ്ങളിൽ നിന്നുന്നയിക്കപ്പെടുന്ന വ്യത്യസ്ത വീക്ഷണങ്ങളോട് *പ്രബോധന*ത്തിനോ അത് പ്രതിനിധാനം ചെയ്യുന്ന പ്രസ്ഥാനത്തിനോ

യോജിപ്പുണ്ടാവണമെന്നില്ലെന്ന് വ്യക്തമാണല്ലോ. യോജിപ്പിനും വിയോജിപ്പിനുമപ്പുറം സ്ത്രീശാക്തീകരണം വിവിധ കോണുകളിൽനിന്ന് എങ്ങനെ വീക്ഷിക്കപ്പെടുന്നുവെന്ന് അറിയുകയും അറിയിക്കുകയുമാണ് ഉദ്ദേശ്യം. അതുകൊണ്ട് ചർച്ചയിൽ പങ്കെടുത്തവർ ഉന്നയിച്ച അഭിപ്രായങ്ങൾ അതേപടി ഞങ്ങൾ വായനക്കാരുടെ മുന്നിൽ വെക്കുന്നു. എല്ലാവരുടെ വീക്ഷണങ്ങളിലും എല്ലാവർക്കും യോജിക്കാവുന്ന ചിലതുണ്ടാവും. ചില വീക്ഷണങ്ങളിൽ മറ്റു ചിലർ വിയോജിക്കും. ചിലരുന്നയിക്കുന്ന ചില പോയിന്റുകൾ മറ്റുള്ളവർ ഇതുവരെ ശ്രദ്ധിച്ചിട്ടില്ലാത്തതാവാം. ചർച്ചയിൽ ഇടപെടാനും ഉന്നയിക്കപ്പെട്ടതല്ലാത്ത അഭിപ്രായങ്ങളുന്നയിക്കാനും അഗ്രഹിക്കുന്ന പലരും പുറത്തുണ്ടാവാം. അവരെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. വൈവിധ്യമാർന്ന വീക്ഷണങ്ങളുടെ സമാഹരണം പരസ്പരം മനസ്സിലാക്കാനും സ്വയം പരിശോധിക്കാനും സംശോധിക്കാനും അവസരം സൃഷ്ടിക്കും. പരസ്പരമുള്ള അറിവിലൂടെയും പരിശോധനയിലൂടെയും ക്രമേണ സമവായത്തിലേക്കുള്ള പാത തെളിഞ്ഞുവരുമെന്നാശിക്കാം.

സ്ത്രീശാക്തീകരണം സംബന്ധിച്ച് ഉന്നതമായ അഭിപ്രായങ്ങളിൽ പലതും ഗൗരവപൂർണമായ പരിഗണനയർഹിക്കുന്നതാണ്; ചിലത് ഉപരിപ്ലവമായ കാഴ്ചപ്പാടുകളെയും മുൻധാരണകളെയും ആധാരമാക്കിയുള്ളതും. മുസ്‌ലിം സ്ത്രീകൾ ഹിജാബ് ധരിക്കുന്നതിനെ ചിലർ അടിമത്തത്തിന്റെയും അധഃസ്ഥിതിയുടെയും യാഥാസ്ഥിതിക ബോധത്തിന്റെയും അടയാളമായി ചൂണ്ടിക്കാട്ടുന്നുണ്ട്. മാറുമറയ്ക്കുന്നതിന്റെ പേരിലും ചേലയുടുക്കുന്നതിന്റെ പേരിലും കലാപങ്ങളുണ്ടായ കേരളത്തിന്റെ ചരിത്രമോർക്കുമ്പോൾ അതിൽ അത്ഭുതപ്പെടേണ്ടതില്ല. സ്ത്രീകൾ പുറത്തിറങ്ങുമ്പോൾ ശരീരം നന്നായി മറയ്ക്കുന്ന വസ്ത്രധാരണമാണ് ഹിജാബ്. അതിനു പർദ എന്ന പ്രത്യേക ഉടുപ്പു തന്നെ വേണമെന്നോ നിറം കറുപ്പായിരിക്കണമെന്നോ നിർബന്ധമില്ല. ചിലർ മുസ്‌ലിം രാജ്യങ്ങളിൽ പ്രചാരത്തിലുള്ള കറുത്ത പർദ തെരഞ്ഞെടുക്കുന്നുവെന്നേയുള്ളൂ. ഹിജാബിനു പ്രചാരം വർധിച്ചതോടൊപ്പം മുസ്‌ലിം പെൺകുട്ടികൾ വിദ്യാഭ്യാസ രംഗത്ത് കൂടുതൽ സജീവമായി എന്ന വസ്തുത മതി ഹിജാബിന്റെ യാഥാർഥ്യം മനസ്സിലാക്കാൻ. പർദ ധരിക്കുന്നവർ അതിനനുകൂലമായി സംസാരിക്കുന്നത് മാധ്യമങ്ങൾ അവരെക്കൊണ്ട് അങ്ങനെ പറയിക്കുന്നതു കൊണ്ടാണ് എന്നുവരെ ചിലർ പറഞ്ഞു വെക്കുന്നു. പർദ ധരിക്കുന്നവർക്ക് സ്വന്തം അഭിപ്രായങ്ങളുണ്ടാവില്ല, അവൾ പുരുഷൻ ചൊല്ലിക്കൊടുക്കുന്നത് ഏറ്റു ചൊല്ലുവന്നവൾ മാത്രമാണ് എന്ന മുൻധാരണയെ ആസ്പദമാക്കിയുള്ള ഇത്തരം നിരൂപണങ്ങൾ പർദ ധരിക്കുന്ന സ്ത്രീയുടെ വ്യക്തിത്വത്തെ അവഹേളിക്കലാവില്ലേ? പർദയെക്കാൾ എത്രയോ വലിയ വിപണിയാണ് സൗന്ദര്യ വർധക വസ്തുക്കളുടേത്. അതിന്റെ കച്ചവടക്കാരാണ് സ്ത്രീശരീരത്തിന്റെ പരസ്യപ്രദർശനം ആഘോഷമാക്കുന്നതും. പർദയെ എതിർക്കുന്നവർ സൗന്ദര്യ വർധകോൽപന്നക്കച്ചവടക്കാരുടെ ദല്ലാളുകളോ അടിമകളോ ആണെന്ന് തിരിച്ചു പറഞ്ഞാൽ സമ്മതിക്കുമോ? നാനാത്വത്തിൽ ഏകത്വം ദർശിക്കുന്നവരാണ് നാം ഇന്ത്യക്കാർ. അതിന്റെ സൗന്ദര്യം പാടിനടക്കുന്നവരാണ് നമ്മുടെ കവികളും സാഹിത്യകാരന്മാരും. എന്നിട്ടുമെന്തേ മുസ്‌ലിം സ്ത്രീയുടെ വസ്ത്രവ്യത്യാസത്തിൽ ചിലർ വല്ലാതെ അസഹിഷ്ണുക്കളാകുന്നു?! ■